പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 739

28.02.2018-ലെ മറുപടി

## നായരമ്പലം പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പമ്പ് ഹൗസിന്റെ പ്രവർത്തനോദ്ദേശ്യം എന്തെന്ന് വ്യക്തമാക്കാമോ; | (എ) ചൊവ്വര പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് മുൻപായി നായരമ്പലം ഞാറയ്ക്കൽ ഭാഗത്തേക്ക് കുടിവെള്ളം മെച്ചപ്പെടുത്തുന്നതിനുള്ള ബൂസ്റ്റിങ്ങ് പമ്പിംഗ് സ്റ്റേഷൻ ആയി നായരമ്പലം പമ്പ് ഹൗസ് പ്രവർത്തിച്ചിരുന്നു. |
| (ബി) നിലവിൽ പ്രസ്തുത പമ്പ് ഹൗസ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ചൊവ്വര പദ്ധതി കമ്മീഷൻ ചെയ്തതോടെ പറവൂർ പമ്പ് ഹൗസിൽ നിന്നും മതിയായ അളവിൽ നായരമ്പലം ഞാറയ്ക്കൽ ഭാഗത്തേക്ക് ബൂസ്റ്റിംഗ് ഇല്ലാതെ തന്നെ വെള്ളം എത്തിക്കുവാൻ സാധിക്കുന്നത് കൊണ്ട് നായരമ്പലം പമ്പ് ഹൗസ് നിലവിൽ പ്രവർത്തിക്കുന്നില്ല. |
| (സി) പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണത്തിന് വേണ്ടി താത്ക്കാലികമായി പമ്പ് ഹൗസ് പ്രവർത്തിപ്പിക്കുന്നതിലേക്ക് പമ്പ് ഹൗസിലെ വിച്ഛേദിച്ച ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ